Malappuram District Police

**07.09.2017 വാഴക്കാട്**

ഇതരസംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലത്ത് പോലാസ് നടത്തിയ പരിശോധനയിൽ 35 ബംഗ്ലദേശ് പൗരന്മാർ അറസ്റ്റിൽ. ഇതരസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽരേഖകൾ പരിശോധിക്കുന്നതിനിടെയാണ് എടവണ്ണപ്പാറയിലെ വാടകക്കെട്ടിടത്തിൽ ബംഗ്ലദേശ് സ്വദേശികളെ കണ്ടെത്തിയത്. അനധികൃതമായി രാജ്യത്ത് തങ്ങിയതിനാണ് കേസ്. തിങ്കൾ വൈകിട്ട് ആറോടെയാണ് സിഐ മുഹമ്മദ് ഹനീഫയും സംഘവും പരിശോധന നടത്തിയത്. അഞ്ച് പാസ്പോർട്ടുകൾ, മൂന്ന് തിരിച്ചറിയൽ രേഖകൾ, സിം കാർഡുകൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്. നിർമാണ ജോലികൾക്കായി കഴിഞ്ഞ രണ്ടുവർഷത്തിനിടെ ജില്ലയിലെ പല പ്രദേശങ്ങളിലായി മാറിത്താമസിച്ചുവരികയായിരുന്നു അവര്. ഇവരെ കോടതി റിമാന്റ് ചെയ്തു